# വീടുപണിയാൻ ഒരു ആചാര്യൻ

## ഹാബിറ്റാറ്റ് ശങ്കർ



എം വി ശ്രീജിത്ത്

സ്വന്തമായൊരു വീട്- ഇത്തരത്തിലൊരു സ്വപ്നം മനസ്സിൽ താലോലിക്കാത്തവർ ആരെങ്കിലുമുണ്ടോ എന്നു സംശയമാണ്. വാടകവീടിന്റെ അരക്ഷിതാവസ്ഥയും ഭാര്യയും മക്കളുമടങ്ങിയ കുടുംബത്തിന്റെ സുരക്ഷിതത്വബോധവും സ്വന്തമായൊരു വീടിന്റെ അനിവാര്യതയെക്കുറിച്ച് മനുഷ്യനെ ബോധവാൻമാരാക്കുന്നു. വീട് നിർമാണത്തിനെപ്പറ്റി ആലോചിച്ച് തുടങ്ങുമ്പോഴേക്കും മനസ് ആശങ്കകളാൽ നിറയുന്നത് സ്വാഭാവികമാണ്. ഭാരിച്ച സാമ്പത്തിക ഉത്തരവാദിത്വമാണ് ഈ ആശങ്കയ്ക്ക് നിദാനം. മനസ്സിൽ സൂക്ഷിച്ച വീട് എന്ന സ്വപ്നം യാഥാർഥ്യമാവുമ്പോഴേക്കും സമ്പാദ്യത്തിന്റെ നല്ലൊരു ശതമാനം തുകയും അതിനുവേണ്ടി ചെലവിടേണ്ടി വരുന്നു. ഇത്തരം സ്ഥിതിവിശേഷം നില നിൽക്കുമ്പോഴാണ് നിർമാണചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യവുമായ വീട് എന്ന ആശയം കേരളീയ സാമൂഹ്യ ജീവിതത്തിലേക്കെത്തുന്നത്. ലാറിബേക്കർ എന്ന പ്രതിഭാധനനായ വൈദേശിക ആർക്കിടെക്ടായിരുന്നു വിപ്ലവകരമായ ഈ ആശയം മലയാളി സമൂഹത്തിലേക്കെത്തിച്ചത്.

കേരളത്തിലുടനീളം ലാറിബേക്കർ മോഡൽ വീടുകൾ പുതിയ സൗന്ദര്യ കാഴ്ചകൾ ഒരുക്കിയത് ആയിരത്തിതൊള്ളായിരത്തി എൺപതുകളുടെ തുടക്കത്തിലായിരുന്നു. എന്നാൽ സാധാരണക്കാരന് ലാറിബേക്കർ ഒരു പരിധിവരെ അപ്രാപ്യനായിരുന്നു. വിദേശീയനായതുകൊണ്ട് ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ട് ചെലവുകുറഞ്ഞ വീടുകൾ ലക്ഷ്യമാക്കിയ സാധാരണക്കാരനെ ലാറി ബേക്കറിൽ നിന്നുമകറ്റി. ഈ അവസരത്തിലാണ് ഹാബിറ്റാറ്റ് എന്ന സമാനമായ വാസ്തുശിൽപ നിർമിതിയുമായി ആർക്കിടെക്ട് ജി ശങ്കർ രംഗത്തെത്തുന്നത്. പരിസ്ഥിതിക്ക് അനുയോജ്യവും ഊർജ സംരക്ഷണത്തിന് പ്രാമുഖ്യം നൽകിയുമുള്ള ചെലവു കുറഞ്ഞ വീടിന്റെ നിർമാണപ്രവർത്തനങ്ങളുമായി 1987 ലാണ് ഹാബിറ്റാറ്റിന് തിരുവനന്തപുരത്ത് തുടക്കം കുറിക്കുന്നത്. ആദ്യ പ്രോജക്ട് ഹാബിറ്റാറ്റിന് ലഭിക്കാൻ ആറു മാസമാണ് കാത്തിരിക്കേണ്ടിവന്നത്.

എന്നാൽ ഇന്ന് സ്ഥിതിയാകെ മാറി. കെട്ടിട നിർമാണരംഗത്ത് ഇൻഡ്യയിലെ ഏറ്റവും ശക്തമായ പ്രസ്ഥാനമായി ഹാബിറ്റാറ്റ് മാറിക്കഴിഞ്ഞു. അന്തർദേശീയ തലത്തിലും ഭവനനിർമാണ രംഗത്ത് ഇത്രയും സാന്നിധ്യമുള്ള മറ്റൊരു പ്രസ്ഥാനമില്ലെന്ന് ജി ശങ്കർ പറയുന്നു. സാധാരണക്കാരിൽ നിന്നു തുടങ്ങി രാഹുൽ ഗാന്ധി, സോണിയാഗാന്ധി, ആദിത്യ ബിർള മുതലായവർക്ക് വേണ്ടിയും ജി ശങ്കർ വിഭാവനചെയ്ത ഗൃഹങ്ങൾ ഇതിനോടകം ഒരുക്കിക്കഴിഞ്ഞു.

പശ്ചിമ ബംഗാൾ, കർണാടക, ഗോവ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ പതിനഞ്ചോളം ഇൻഡ്യൻ സംസ്ഥാനങ്ങളിലും മൊറോക്കോ, നൈജീരിയ, നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക, ഇൻഡോനേഷ്യ, തായ്‌ലന്റ് മുതലായ രാജ്യങ്ങളിലുമായി നിരവധി പദ്ധതികളാണ് ഹാബിറ്റാറ്റ് പൂർത്തിയാക്കി വരുന്നത്. രാജ്യത്തിനകത്തും പുറത്തുമായി മുപ്പത്തി നാലു ഓഫീസുകളും മുന്നൂറോളം ആർക്കിടെക്ടുകളും മുപ്പതിനായിരത്തോളം തൊഴിലാളികളുമായി ഹാബിറ്റാറ്റ് ഗ്രൂപ്പ് സമാനതകളില്ലാത്ത പ്രസ്ഥാനമായി മാറിക്കഴിഞ്ഞുവെന്ന് ശങ്കർ അഭിമാനത്തോടെ പറയുന്നു. സെമിനാറുകളും ചർച്ചകളും രാജ്യാന്തര യാത്രകളുമായി ഏറെ തിരക്കു പിടിച്ച ജീവിതത്തിനിടയിലും കിളിപ്പാട്ടിനു വേണ്ടി ദീർഘമായ അഭിമുഖത്തിന് ജി ശങ്കർ തയ്യാറായി.

മുഖാമുഖത്തിൽ നിന്ന്;

**വീട് എന്ന സങ്കൽപം യാഥാർഥ്യമാവുമ്പോൾ?**

ഒരു ശരാശരി മലയാളിയെ സംബന്ധിച്ചിടത്തോളം വീട് എന്നത് സ്വപ്നസാക്ഷാത്കാരത്തോളം വരുന്ന ഉദാത്തമായ ഒരു സങ്കൽപമാണ്. ഒരു മനുഷ്യന്റെ പേര്, സ്വാതന്ത്ര്യം എന്നിവയെപ്പോലെ പ്രധാനപ്പെട്ടതാണ് വീട് എന്ന ആശയം. നമ്മൾ ഈ ലോകത്ത് അവശേഷിപ്പിച്ചു പോകുന്നത് രണ്ടു സംഗതികളാണ്. ഭാര്യയും മക്കളുമടങ്ങിയ കുടുംബവും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന വീടും. എന്നെ സംബന്ധിച്ചിടത്തോളം വീട് എന്ന സങ്കൽപത്തിന് എന്റേതായ കാഴ്ചപ്പാടുണ്ട്. എനിക്ക് എന്തെങ്കിലും സംഭവിച്ചാലും ഭാര്യയും മക്കളും സുരക്ഷിതരാണെന്ന ബോധമാണ് വീട് എനിക്ക് നൽകുന്നത്. അവരെ അനാഥത്വത്തിലേക്ക് തള്ളിവിടാൻ ആഗ്രഹിക്കാത്ത എന്റെ മനസ്സിന്റെ ബഹിർസ്ഫുരണമാണ് വീട് എന്നതിലൂടെ ഞാൻ അർഥമാക്കുന്നത്. എനിക്ക് മാത്രമല്ല പൊതുവെ മനുഷ്യർക്കുള്ള സങ്കൽപം തന്നെയാണിത്. സ്വന്തമായൊരു മുറ്റം എന്നത് എവർക്കും പ്രിയപ്പെട്ട സംഗതിയാണ്.

ഒരു മനുഷ്യന്റെ പേര്, സ്വാതന്ത്ര്യം എന്നിവയെപ്പോലെ പ്രധാനപ്പെട്ടതാണ് വീട് എന്ന ആശയം. നമ്മൾ ഈ ലോകത്ത് അവശേഷിപ്പിച്ചു പോകുന്നത് രണ്ടു സംഗതികളാണ്. ഭാര്യയും മക്കളുമടങ്ങിയ കുടുംബവും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന വീടും. എന്നെ സംബന്ധിച്ചിടത്തോളം വീട് എന്ന സങ്കൽപത്തിന് എന്റേതായ കാഴ്ചപ്പാടുണ്ട്. എനിക്ക് എന്തെങ്കിലും സംഭവിച്ചാലും ഭാര്യയും മക്കളും സുരക്ഷിതരാണെന്ന ബോധമാണ് വീട് എനിക്ക് നൽകുന്നത്.





**ഓരോ മുറിയും ഓരോ വീടായിമാറിക്കൊണ്ടിരിക്കുന്നു. അച്ഛനമ്മമാരുടെ മുറിയിൽ നിന്ന് നമ്മൾ ബഹിഷ്കൃതരാവുന്ന ഒരു കാലമുണ്ടായിരുന്നു. ആറേഴുവയസ്സാവു മ്പോഴേക്ക് മാറിക്കിടക്കാനാവശ്യപ്പെട്ടപ്പോൾ പേടിച്ച് അച്ഛനമ്മമാരുടെ മുറിയുടെ വാതിൽക്കൽ പായവിരിച്ച് കിടന്നത് എനി ക്കോർമയുണ്ട്. ഇന്ന് സ്ഥിതി അതല്ല. അച്ഛന്റെ മുറി താഴെയാണെങ്കിൽ അവന്റെ മുറി മുകളിൽ വേണമെന്ന് എന്റെ മകൻ വാശി പിടിക്കുന്നു.**

**കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റം;**

എല്ലാ കാലത്തും വീട് എന്നത് നമ്മുടെ സാമൂഹ്യഘടനയുടെ പരിച്ഛേദം തന്നെയാണ്. കൂട്ടുകുടുംബത്തിലെ അംഗങ്ങളുടെ ജീവിതരീതികളുമായി സമരസപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു അന്നത്തെ നിർമാണ രീതി. എട്ടുകെട്ട് എന്ന് പറയുന്നതൊക്കെ അത്തരം രൂപകൽപനയോടുകൂടിയതാണ്. രണ്ടു നടുമുറ്റങ്ങൾ, സ്ത്രീകൾക്ക് താമസിക്കാൻ പ്രത്യേക അറകൾ– ഇങ്ങനെസാമൂഹ്യരീതിയുമായി പൊരുത്തപ്പെട്ടു പോകുന്ന നിർമാണ ശൈലിയാണ് അവലംബിച്ചിട്ടുള്ളത്. പഴയ വീടുകൾ പരിശോധിച്ചാൽ അന്ന് സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനമൊക്കെ വളരെ കൃത്യമായി നിർണയിക്കാൻ കഴിയും. ചില അടുക്കളകൾ കരിപുരണ്ട ജീവിതങ്ങളുടെ ഓർമപ്പെടുത്തലുകൾ വെളിപ്പെടുത്തുന്നവയാണ്. സാമൂഹികമായ ജീവിത രീതിയിലുള്ള പ്രകടമായ വ്യത്യാസങ്ങൾ കാലകാലങ്ങളിലൂടെ മാറി വന്ന് ഗൃഹനിർമാണ രീതിയിലും പ്രതിഫലിച്ചിട്ടുണ്ട്. നമ്മുടെ ആവശ്യങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്ക് മാറുമ്പോഴേക്കും വീടിന്റെ നിർമിതിയെക്കുറിച്ചുള്ള സങ്കൽപങ്ങളും മാറുന്നു. ഫ്ളാറ്റ് സംസ്കാരം ഇത്തരം ജീവിത സാഹചര്യങ്ങളിലൂടെ കരുത്ത് നേടിയതാണ്.

**വീടിലെ സ്വകാര്യതയെക്കുറിച്ച്;**

വീടുകളിൽ പണ്ടൊക്കെ സ്വകാര്യത ഒരു വലിയ പ്രശ്നമായിരുന്നില്ല. ഒരു മുറിയിൽ നിന്ന് അടുത്ത മുറിയിലേക്ക് ഒന്നിൽ കൂടുതൽ വാതിലുകളുണ്ടായിരുന്ന കാലഘട്ടം നമുക്കുണ്ടായിരുന്നു. അത്തരം വാതിലുകൾ ഇന്നില്ലാതായിക്കഴിഞ്ഞു. സ്വകാര്യത ഇന്ന് വലിയ ആവശ്യകതയായി മാറി. ഓരോ മുറിയും ഓരോ വീടായിമാറിക്കൊണ്ടിരിക്കുന്നു. അച്ഛനമ്മമാരുടെ മുറിയിൽ നിന്ന് നമ്മൾ ബഹിഷ്കൃതരാവുന്ന ഒരു കാലമുണ്ടായിരുന്നു. ആറേഴുവയസ്സാവുമ്പോഴേക്ക് മാറിക്കിടക്കാനാവശ്യപ്പെട്ടപ്പോൾ പേടിച്ച് അച്ഛനമ്മമാരുടെ മുറിയുടെ വാതിൽക്കൽ പായവിരിച്ച് കിടന്നത് എനിക്കോർമയുണ്ട്. ഇന്ന് സ്ഥിതി അതല്ല. അച്ഛന്റെ മുറി താഴെയാണെങ്കിൽ അവന്റെ മുറി മുകളിൽ വേണമെന്ന് എന്റെ മകൻ വാശി പിടിക്കുന്നു. അത്തരം പ്രകടമായ മാറ്റം നമ്മുടെ സാമൂഹ്യജീവിതത്തിൽ വന്നു കഴിഞ്ഞു. ഇപ്പോൾ ഡൈനിങ് ഹാളും അടുക്കളയും തമ്മിൽ വേർതിരിവ് ഇല്ലാതാവുന്ന കാലഘട്ടമാണ്. നിർമാണ രീതിയിലും നിർമാണ സാമഗ്രികളുടെ കാര്യത്തിലുമൊക്കെ അനുദിനം മാറ്റങ്ങളാണ് സംഭവിക്കുന്നത്.

**ഗൃഹനിർമിതിയിലെ മാറിവരുന്ന പ്രവണതകളെക്കുറിച്ച്;**

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലെ കേരളീയ ഗൃഹങ്ങളുടെ നിർമാണം കല്ലിലും തടിയിലും അധിഷ്ഠിതമായിരുന്നു. തടിയെന്നുള്ളത് ഇക്കാലത്ത് സ്വർണത്തിനെക്കാൾ വിലയുള്ള വസ്തുവായി മാറിക്കഴിഞ്ഞു. തടി കൊണ്ടുള്ള വീട് ഇന്ന് നമ്മുടെ സങ്കൽപത്തിനുമപ്പുറത്താണ്. സിമന്റ് പ്രചാരത്തിൽ വരുന്നതിനു മുമ്പ് മണ്ണും കുമ്മായവുമൊക്കെ ഉപയോഗിച്ചാണ് വീടുകൾ നിർമിച്ചിരുന്നത്. കാലത്തെ അതിജീവിക്കുന്ന ഡാമുകളും പ്രാചീനകെട്ടിടങ്ങളുമെല്ലാം അന്നത്തെ സാങ്കേതിക തികവോടെ നിൽക്കുന്നത് അത്ഭുതകരമായ കാഴ്ചയാണ്.

**കേരളത്തിന്റെ വാസ്തുശാസ്ത്ര പാരമ്പര്യത്തെക്കുറിച്ച്;**
ഇവിടെ നമ്മൾ തിരിച്ചറിയേണ്ട ഒരു പ്രധാനവസ്തുതയുണ്ട്. വാസ്തുശിൽപ പൈതൃകം നമ്മൾ മലയാളികൾക്ക് മാത്രം അവകാശപ്പെട്ടതാണ്. ലോകത്തിൽ ഏറ്റവും ഗഹനവും അഗാധവുമായിട്ടുള്ള ശാസ്ത്രീയ വശങ്ങൾ ഉൾപ്പെട്ടതാണ് നമ്മുടെ വാസ്തുശാസ്ത്ര പൈതൃകം. കണക്കുകളിൽ അധിഷ്ഠിതമായ പൈതൃകം ഭാരതത്തിൽ മാത്രമേയുള്ളൂ. കർഷകന്റേയോ മുക്കുവന്റേയോ ബ്രാഹ്മണന്റേയോ ക്ഷത്രിയന്റേയോ ഒക്കെ വീടുകളുടെ നിർമാണരീതിയിൽ ഈ വൈവിധ്യം നിലനിന്നു പോരുന്നതായി കാണാം. പിന്നെ മറ്റൊന്ന് കേരളത്തിന്റെ കാലാവസ്ഥയുമായി ബന്ധപ്പെട്ട നിർമാണരീതികളാണ്. നടുമുറ്റം, കുരയിൽ കുറിപ്പുകൾ തുടങ്ങിയവയൊക്കെ കേരളീയ നിർമിതിയുമായി ബന്ധപ്പെട്ടതാണ്. ഒറീസ, ഉത്തർപ്രദേശ് മധ്യപ്രദേശ് ഉൾപ്പെട്ട പതിനഞ്ചോളം സംസ്ഥാനങ്ങളിലും ലോകത്തെ വിവിധ രാജ്യങ്ങളിലും ജോലി നോക്കിയിട്ടുണ്ടെങ്കിലും ഏറ്റവും ശ്രേഷ്ഠമായ വാസ്തശിൽപവിദ്യ കേരളത്തിന് സ്വന്തമാണെന്നു പറയാൻ എനിക്ക് കഴിയും. പക്ഷെ ഇത്തരം ശൈലി നമ്മൾ മറക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന ദുഃഖവും എനിക്കുണ്ട്. നമ്മുടെ മണ്ണിന്റെ മണവും പൈതൃകവും മറന്ന് അന്ധമായ വൈദേശിക അനുകരണങ്ങളിൽ നമ്മൾ ആകൃഷ്ടരാവുന്നുവെന്നതാണ് സത്യം.

**കേരളീയ വാസ്തുശിൽപ നിർമിതിയെ വിദേശിയർ വിലയിരുത്തുമ്പോൾ;**
നമ്മൾ ഇറ്റലിയിലേക്ക് പോകുന്നുവെന്ന് കരുതുക. അവിടെ 'സ്പാഗറ്റി' എന്ന ആഹാരമാണ് നമ്മൾ കഴിക്കുക. അതുപോലെ തന്നെ രാജ്യങ്ങൾ തോറും സഞ്ചരിച്ചാൽ അവരുടെ ആഹാരരീതിയും വസ്ത്രധാരണരീതിയും ആചാരങ്ങൾ ഇവയെല്ലാം അനുകരിക്കേണ്ടതായി വരും. ജപ്പാനിലെ ഏറ്റവും വലിയ ആകർഷണമെന്നത് അവരുടെ വസ്ത്രധാരണ രീതികളാണ്. അതുപോലെ അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും നമ്മെ ആകർഷിയ്ക്കാറുണ്ട്. ജപ്പാനിലെ കിമോണ എന്ന വസ്ത്രവും കബൂക്കി എന്ന നൃത്തരൂപവും നമ്മെ ആകർഷിക്കാൻ കാരണം വിവിധ സംസ്കാരത്തിന്റെ പശ്ചാത്തലമുള്ളതുകൊണ്ടാണ്. ഇതു തന്നെയാണ് മറിച്ചും സംഭവിക്കുന്നത്. വിദേശികൾ കേരളത്തിലേക്ക് വരുമ്പോൾ നമ്മുടെ വീടുകൾ അവർക്ക് അതിശയമാണ്. കേരളത്തിലെ കാലാവസ്ഥ, വീടിലെ തണുപ്പ്, നിർമാണരീതികൾ തുടങ്ങിയവയെല്ലാം അവർക്ക് കൗതുകമാണ്. എന്റെ ഓഫീസിലെ തറയോടിനെപ്പറ്റി വാചാലരായി സംസാരിക്കുന്ന നിരവധി വിദേശികളുണ്ട്. കാറ്റിന്റെയും വെളിച്ചത്തിന്റെയും മിതശീതോഷ്ണത്തിന്റെയുമൊക്കെ അവസ്ഥയെക്കുറിച്ചും അവർ സംസാരിക്കുന്നു. നമുക്കിവിടെ ഉഷ്ണത്തിന്റെ തീഷ്ണതയോ തണുപ്പിന്റെ കാഠിന്യമോ ഇല്ല. നിറയെ കാറ്റും വളി

> **കർഷകന്റേയോ മുക്കുവന്റേയോ ബ്രാഹ്മണന്റേയോ ക്ഷത്രിയന്റേയോ ഒക്കെ വീടുകളുടെ നിർമാണരീതിയിൽ ഈ വൈവിധ്യം നിലനിന്നു പോരുന്നതായി കാണാം. പിന്നെ മറ്റൊന്ന് കേരളത്തിന്റെ കാലാവസ്ഥയുമായി ബന്ധപ്പെട്ട നിർമാണരീതികളാണ്. നടുമുറ്റം, കുരയിൽ കുറിപ്പുകൾ തുടങ്ങിയവയൊക്കെ കേരളീയ നിർമിതിയുമായി ബന്ധപ്പെട്ടതാണ്. ഒറീസ, ഉത്തർപ്രദേശ് മധ്യപ്രദേശ് ഉൾപ്പെട്ട പതിനഞ്ചോളം സംസ്ഥാനങ്ങളിലും ലോകത്തെ വിവിധ രാജ്യങ്ങളിലും ജോലി നോക്കിയിട്ടുണ്ടെങ്കിലും ഏറ്റവും ശ്രേഷ്ഠമായ വാസ്തശിൽപവിദ്യ കേരളത്തിന് സ്വന്തമാണെന്നു പറയാൻ എനിക്ക് കഴിയും.**



ച്ചവും കടന്നു വരുന്ന നിർമാണ രീതികളിലെ പെരുന്തച്ചൻ പൈതൃകത്തോട് അവർക്ക് വലിയ മമതയാണ്. ഇത്തരം വിസ്മയങ്ങളാണ് മലയാളിയുടെ നിർമാണരീതിക്ക് ചാരുത പകരുന്നത്. ഇതിനു തത്തുല്യമായി ഞാൻ കണ്ടിട്ടുള്ളത് ഇൻഡോനേഷ്യയിലെ ബാലിയിൽ മാത്രമാണ്.



**ദുരന്തങ്ങൾക്കുശേഷമുള്ള പുനരുദ്ധാരണപ്രവർത്തനങ്ങളെക്കുറിച്ച്;**

ദുരന്തബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ചെയർമാനായിരുന്നു ഞാൻ. ഗുജറാത്തിലെ ഭുജ് എന്ന സ്ഥലത്ത് ഭൂകമ്പമുണ്ടായപ്പോൾ അവിടെ തകർന്നു വീണത് ആധുനിക കെട്ടിടങ്ങളാണ് മറിച്ച് പുരാതനവീടുകളല്ല. നഗരത്തിന്റെ ഒത്ത മധ്യഭാഗത്തായി ബോങ് എന്ന പേരിലുള്ള ഗോത്രവർഗക്കാരുടെ കോളനിയുണ്ട്. അവിടുത്തെ വീടുകൾ വൃത്താകൃതിയിലാണ് രൂപകൽപനചെയ്തിരിക്കുന്നത്. വൃത്തമെന്ന രൂപം വളരെ ദൃഢമായതാണ്. ഇത്തരം വീടുകൾ ഭൂകമ്പത്തിൽ കുലുങ്ങി ഭിത്തികളിൽ കുറെ വിള്ളലുകൾ ഉണ്ടായെന്നതൊഴിച്ചാൽ കെട്ടിടത്തിന്റെ മൊത്തം ഘടനയ്ക്ക് വലിയ ക്ഷതം സംഭവിച്ചില്ല പ്രാചീനമായ ഇത്തരം ഗൃഹനിർമാണത്തിനുള്ള അറിവുകളുടെ വ്യാപ്തിയാണ് ഇത് സൂചിപ്പിക്കുന്നത്. ആധുനിക കാലത്ത് പത്താം നിലയിലും പന്ത്രണ്ടാം നിലയിലും കോറിഡോറുകൾ പണിയുകയും അത് വിസ്മയമായി ആഘോഷിക്കുകയും ചെയ്യാറുണ്ട്. ഇത്തരം വിസ്മയങ്ങളാണ് പലതും ചീട്ടുകൊട്ടാരം പോലെ തകർന്നടിയുന്നത്. ഭൂമിക്ക് അതിന്റേതായ താളവും ലയവുമുണ്ട്. അതിനു വിരുദ്ധമായി എന്തു പ്രവർത്തനങ്ങൾ നടന്നാലും അത് കാലത്തെ അതിജീവിക്കുകയില്ല. ഭൂകമ്പത്തിലും വെള്ളപ്പൊക്കത്തിലും സുനാമിയിലും കൊടുങ്കാറ്റിലുമെല്ലാം പ്രകൃതി നൽകുന്ന പാഠങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്.

**ദുരന്തങ്ങളെ അതിജീവിക്കുന്ന നിർമാണപ്രവർത്തനങ്ങൾ;**

കേരളത്തിന്റെ തനതായ നിർമാണരീതികൾ കൊണ്ട് ഒരു പരിധി വരെ ദുരന്തങ്ങളെ പ്രതിരോധിക്കാൻ കഴിയും. സുനാമി സംഭവിച്ച ആലപ്പാട് പഞ്ചായത്തിലും കരുനാഗപ്പള്ളിയിലുമൊക്കെ അശാസ്ത്രീയമായി നിർമിക്കപ്പെട്ട കെട്ടിടങ്ങളാണ് നശിച്ചത്. നമ്മൾ കടൽക്കരയിൽ നിൽക്കുമ്പോൾ തിര വന്ന് കാലിനടിയിലെ മണൽ വലിച്ചെടുക്കുമ്പോഴേക്കും നമുക്ക് ബാലൻസ് തെറ്റാറുണ്ട്. നല്ലവണ്ണം കാൽ മണലിലുറപ്പിച്ചു നിർത്തിയില്ലെങ്കിൽ തീർച്ചയായും നമ്മൾ വീഴാറുണ്ട്. ഇതുപോലെ തന്നെയാണ് കെട്ടിടങ്ങളുടെ കാര്യത്തിലും സംഭവിക്കുന്നത്. ആറിഞ്ചും ഒമ്പതിഞ്ചുമൊക്കെ യായി കെട്ടിടത്തിന്റെ അസ്ഥിവാരം ചെയ്യുകയാണെങ്കിൽ തീർച്ചയായും അത് നശിക്കും. കരുനാഗപ്പള്ളിയിൽ ഒരു പരിധിവരെ സംഭവിച്ചത് അതാണ്. രണ്ടടിയോളം താഴ്ചയിൽ അസ്ഥിവാരമിട്ട കുടിലുകൾക്കൊന്നും നാശം സംഭവിച്ചില്ല എന്നതോർക്കണം.

**ദുരന്തങ്ങളുടെ സഹയാത്രികനായ ജി ശങ്കർ**

1991 ലെ ഭോപ്പാൽ ദുരന്തം മനുഷ്യനിർമിതമായ ദുരന്തമായിരുന്നു. ലാത്തൂർ, ഉത്തരകാശി, ഒറീസ്സ, ഇൻഡോനേഷ്യ,' മാലിദ്വീപ്, തായ്ലാന്റ്, ശ്രീലങ്ക എന്നിവടങ്ങളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ച ആളാണ് ഞാൻ. ഇത്തരം ദുരന്തങ്ങൾക്കൊപ്പം സഞ്ചരിച്ചതുകൊണ്ട് ഞാൻ പഠിച്ച ചില പാഠങ്ങളുണ്ട്. അതിൽ പ്രധാനമാണ് കെട്ടിട നിർമാണത്തിലെ നേരും നെറിയും. ഒരു കെട്ടിടത്തിന്റെ സമതല പാളികളും അതിന്റെ തൂക്കിന്റെ അനുപാതവും ഇവ രണ്ടും ശാസ്ത്രീയമായാൽ അത് എല്ലാ ദുരന്തങ്ങളെയും അതിജീവിക്കും. ഉത്തരകാശിയിൽ സംഭവിച്ചത് ഇത്തരമൊരു അനുപാതമില്ലാതെ പോയതാണ്. കുറെ കരിങ്കല്ലുകൾ മാത്രം അടുക്കി വച്ചുള്ള അശാസ്ത്രീയമായ സമ്പ്രദായമായിരുന്നു ഉത്തരകാശിയിലുണ്ടായിരുന്നത്. അതിന് ഒരു ഉറപ്പും കാണില്ല. ചെറിയ ഒരു ചലനം കൊണ്ടുപോലും തകർന്നു പോകാവുന്ന നിർമാണരീതിയാണത്. സാങ്കേതികമായി ഉന്നതമായ മികവില്ലെങ്കിൽക്കൂടി കെട്ടിട നിർമാണത്തിൽ അടിസ്ഥാനപരമായ സത്യസന്ധത നമ്മൾ പുലർത്തേണ്ടതുണ്ട്.

**ഫ്ളാറ്റ് സംസ്കാരം തിരുവനന്തപുരത്ത്;**

വളരെ വിശദമായ പഠനം നടത്തേണ്ട വിഷയമാണിത്. പരിമിതമായ ഭൂമിക്ക് ആവശ്യം ബഹുനില മന്ദിരങ്ങളല്ല. കേരളത്തിലെ തൊണ്ണൂറ് ശതമാനം ഭൂമി പത്തുശതമാനം ആൾക്കാരുടെ കൈകളിലെന്നതാണ് ഇതിൽ ഏറെ വൈരുധ്യം. തൊണ്ണൂറ് ശതമാനവും പത്തുശതമാനവും തമ്മിൽ മത്സരിക്കുമ്പോഴാണ് ഭൂമിയില്ലെന്ന മുറവിളി ശക്തമാവുന്നത്. തിരുവനന്തപുരം നഗരത്തിന് അതിന്റേതായ ഒരുപാട് പരിമിതികളുണ്ട്. വെള്ളത്തിന്റെ ദൗർലഭ്യം, റോഡുകളുടെ അപര്യാപ്തത, വാഹനങ്ങളുടെ ബാഹുല്യം, വൈദ്യുതി പ്രതിസന്ധി തുടങ്ങിയവയൊക്കെ ഉൾക്കൊള്ളാവുന്നതിനപ്പുറത്തെ പ്രശ്നങ്ങളായി മാറിയിട്ടുണ്ട്. ഇത് നഗരം നശിക്കുന്നതിനു കാരണാകുമെന്നതിൽ സംശയമില്ല. തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളാണ് ഇനി വികസിക്കേണ്ടത്. കഴക്കൂട്ടം, നെടുമങ്ങാട് തുടങ്ങിയ സ്ഥലങ്ങൾ ഒരുപാട് വികസനസാധ്യതകളുള്ളതാണ്. നെയ്യാറ്റിൻകര സമീപഭാവിയിൽ തന്നെ സാറ്റലൈറ്റ് നഗരമായി മാറുമെന്നാണ് വിശ്വാസം. ഇങ്ങനെതിരുവനന്തപുരം ജില്ലയിൽ അനന്തമായ വികസനസാധ്യതകൾ ഇനിയുമേറെയുണ്ട്. ●